പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5344 23.05 .2017 ലെ മറുപടിയ്ക്ക്

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II നിയമനം

ചോദ്യം

ശ്രീ. റ്റി.വി. രാജേഷ്

ഉത്തരം

ഡോ. കെ.റ്റി. ജലീൽ
(ബഹു. തദ്ദേശ സ്വയംഭരണവും
ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ്
തീർത്ഥാടനവും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | മുനിസിപ്പൽ കോമൺ സർവ്വീസിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയുടെ നിലവിലുള്ള യോഗ്യതകൾ എന്തൊക്കെയാണ്; | (എ) | **വിദ്യാഭ്യാസയോഗ്യത**<br>1. എസ്.എസ്.എൽ.സി. പാസ്സായിരിക്കണം.<br>2. ബോംബെ അല്ലെങ്കിൽ മദ്രാസിൽ നിന്നുള്ള സാനിട്ടറി ഇൻസ്പെക്ടേഴ്സ് കോഴ്സ് സർട്ടിഫിക്കറ്റോ<br>തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും ലഭിച്ചിട്ടുള്ള ഹെൽത്ത് ഇൻസ്പെക്ടേഴ്സ് സർട്ടിഫിക്കറ്റോ<br>അല്ലെങ്കിൽ<br>ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ സെൽഫ് ഗവൺമെന്റ് ബോംബെ നൽകുന്ന സാനിട്ടറി ഇൻസ്പെക്ടേഴ്സ് സർട്ടിഫിക്കറ്റോ നാഷണൽ കൗൺസിൽ ഫോർ റൂറൽ ഹയർ എഡ്യൂക്കേഷൻ നൽകുന്ന സാനിട്ടറി ഇൻസ്പെക്ടേഴ്സ് കോഴ്സിലുള്ള സർട്ടിഫിക്കറ്റോ<br>അല്ലെങ്കിൽ<br>തവന്നൂർ റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന സാനിട്ടറി ഇൻസ്പെക്ടേഴ്സ് ട്രെയിനിംഗ് കോഴ്സ് പാസ്സായിരിക്കണം.<br>**വയസ്സ്**<br>18 വയസ്സിൽ കുറയരുത് 30 വയസ്സ് കവിയുകയുമരുത് |

| | | | |
|---|---|---|---|
| (ബി) | നിലവിൽ പി.എസ്.സി. തയ്യാറാക്കിക്കൊണ്ടിരിക്കുന്ന ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ടതും, ആരോഗ്യ വകുപ്പ് ഡയറക്ടർ നടത്തുന്ന രണ്ട് വർഷത്തെ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് (ഡി.എച്ച്.ഐ.സി.) പാസ്സായതുമായ ഉദ്യോഗാർത്ഥികളെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ പരാതി എന്തെങ്കിലും നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്; | (ബി) | മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയുടെ തെരഞ്ഞെടുപ്പിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെക്കൂടി ഉൾപ്പെടുത്തി സാധ്യതാ പട്ടിക പ്രസിദ്ധീകരിച്ചതിനെതിരെ സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് ഡിപ്ലോമാ സർട്ടിഫിക്കറ്റ് ഹോൾഡേഴ്സ് ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒ.എ. (ഇ.കെ.എം.) Nos. 1078/16, 1376/16, 1393/16, 1494/16, 1968/16, 2012/16, 2013/16, 2014/16 എന്നിവ ഫയൽ ചെയ്തിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ 03.10.2016 ലെ ഇടക്കാല ഉത്തരവ് പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയുടെ തെരഞ്ഞെടുപ്പ് നടപടികൾ നിർത്തി വച്ചിട്ടുള്ളതുമാണ്. പ്രസ്തുത കേസിൽ 2nd respondent ആയ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ ഇക്കാര്യത്തിൽ മറുപടി പത്രിക സമർപ്പിച്ചിട്ടുള്ളതും ആയതിന്റെയടിസ്ഥാനത്തിൽ ബഹു. ട്രിബ്യൂണലിന്റെ 20.02.2017 ലെ ഉത്തരവ് പ്രകാരം പ്രസ്തുത തസ്തികയുടെ അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് ട്രിബ്യൂണലിൽ നിന്നുള്ള ഉത്തരവിനു ശേഷമായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതുമാണ്. |
| (സി) | ഡി.എച്ച്.ഐ.സി. കഴിഞ്ഞ ഉദ്യോഗാർത്ഥികളെ ലിസ്റ്റിൽ നിന്ന് ഒഴിവാക്കാതിരിക്കാൻ ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | നിലവിലെ സ്പെഷ്യൽ റൂളിൽ ഈ തസ്തികയിലെ നിയമനത്തിനായുള്ള യോഗ്യതയിൽ ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസ് നടത്തുന്ന ഡി.എച്ച്.ഐ. കോഴ്സ് ഉൾപ്പെട്ടിട്ടില്ല. ഇത്തരം കോഴ്സുകൾ യോഗ്യതയായി ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും മറ്റ് അനുബന്ധ കാര്യങ്ങളിലും പി.എസ്.സി. സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ